കേരള വെറ്ററിനറി ആൻ്റ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, കൊക്കാലെ
തൃശ്ശൂർ - 680 021
ഫോൺ: 0487-2423415; ഇ-മെയിൽ - vhkok@kvasu.ac.in

നമ്പർ യു.വി.എച്ച്/2069/2026

കൊക്കാലെ, തിയ്യതി : 30.04.2026

# ക്വട്ടേഷൻ നോട്ടീസ്

കേരള വെറ്ററിനറി സർവ്വകലാശാലയുടെ യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ കൊക്കാലയുടെ മുൻവശത്ത് വടക്ക് കിഴക്ക് മൂലയിൽ രണ്ട് പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന്, താഴെ പറയുന്ന വ്യവസ്ഥകളോടെ മത്സരഅടിസ്ഥാനത്തിൽ മുദ്ര വെച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. മുദ്ര വെച്ച കവറിനു പുറത്ത് "പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 17.05.2026 വൈകുന്നേരം 3 മണി. അന്നേദിവസം 3.30 മണിക്ക് ഹാജരായിട്ടുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതും ഉയർന്ന തുക രേഖപ്പെടുത്തിയവർക്ക് ക്വട്ടേഷൻ അനുവദിക്കുന്നതുമാണ്.

ക്വട്ടേഷനുകൾ 17.05.2026 വൈകുന്നേരം 3 മണിക്ക് മുമ്പായി യൂണിവേഴ്സിറ്റി വെറ്ററിനറി ഹോസ്പിറ്റൽ കൊക്കാലയുടെ ഓഫീസിൽ എത്തിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല. വിശദവിവരങ്ങൾക്കായി യൂണിവേഴ്സിറ്റി ഹോസ്പിറ്റൽ കൊക്കാലയുടെ ഓഫീസുമായി നേരിട്ടോ, ഫോൺ (8547732415) മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

## വ്യവസ്ഥകൾ

1. പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള കരാർ 01.06.2026 മുതൽ 31.05.2027 വരെ ഒരു വർഷത്തേക്കാണ്.
2. ടി ബോർഡുകൾ സ്ഥാപിക്കുന്നതിന് 15,000/- (പതിനയ്യായിരം രൂപ മാത്രം) സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്. ടി സംഖ്യ കരാർ കാലാവധിക്ക് ശേഷം തിരിച്ചു നൽകുന്നതാണ്.
3. കരാർ കാലാവധി കഴിയുമ്പോൾ തന്നെ പരസ്യബോർഡുകൾ കരാറുകാരൻ സ്വന്തം ചെലവിൽ എടുത്തുമാറ്റേണ്ടതാണ്.
4. കരാർ കാലാവധി കഴിഞ്ഞിട്ടും ബോർഡുകൾ എടുത്തുമാറ്റിയില്ലെങ്കിൽ ബോർഡുകൾ മാറ്റുന്ന ചെലവ് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും വസൂലാക്കുന്നതാണ്.
5. പരസ്യബോർഡുകളുടെ പ്രതിഫലത്തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും 15,000/- (പതിനയ്യായിരം രൂപ മാത്രം) ക്വട്ടേഷൻ അംഗീകരിച്ചതിന് 3 ദിവസത്തിനകം ഓഫീസിൽ അടച്ച് രസീത് സ്വീകരിക്കേണ്ടതാണ്.
6. കരാറുകാരൻ സ്ഥാപനവുമായി കരാറുകാരൻ്റെ ചിലവിൽ 200/- (ഇരുനൂറ് രൂപ മാത്രം) വിലയുള്ള മുദ്രപ്പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
7. പരസ്യബോർഡുകളിൽ എന്തെങ്കിലും അറ്റകുറ്റപ്പണികൾ ആവശ്യമായി വരികയാണെങ്കിൽ സ്വന്തം ചെലവിൽ അത് നടത്തേണ്ടതാണ്.

8. പരസ്യബോർഡുകൾ മൂലമുണ്ടാകുന്ന എല്ലാ നാശനഷ്ടങ്ങൾക്കും കരാറുകാരൻ ഉത്തരവാദിയായിരിക്കും.
9. പരസ്യബോർഡുകൾ പ്രദർശിപ്പിക്കുന്നതിന് കോർപ്പറേഷനിലേക്കോ പരസ്യനികുതിയിനത്തിലോ മറ്റേതെങ്കിലും നികുതി കൊടുക്കേണ്ടതാണെങ്കിൽ എല്ലാ സംഖ്യകളും കരാറുകാരൻ കൊടുക്കേണ്ടതാണ്.
10. തെരഞ്ഞെടുക്കപ്പെടുന്ന കരാറുകാരൻ സ്ഥാപനവുമായി കരാറുകാരന്റെ ചിലവിൽ 200/- (ഇരുന്നൂറ് രൂപ മാത്രം) വിലയുള്ള മുദ്രപ്പത്രത്തിൽ നിശ്ചിത മാതൃകയിൽ കരാറിൽ ഏർപ്പെടേണ്ടതാണ്.
11. അശ്ലീല പരസ്യങ്ങളോ, രാഷ്ട്രീയ പരസ്യങ്ങളോ, നിയമാനുസൃതമല്ലാത്തതോ, തെറ്റിദ്ധരിപ്പിക്കുന്നതോ, മദ്യത്തിന്റേയോ, നിരോധിത ലഹരി വസ്തുക്കളുടേയോ, മതതാൽപ്പര്യങ്ങൾക്ക് അനുകൂലമോ, പ്രതികൂലമോ ആയ പരസ്യങ്ങളോ പ്രദർശിപ്പിക്കുവാൻ പാടുള്ളതല്ല. പരസ്യത്തിലെ നിറങ്ങൾ റോഡിലെ വാഹന യാത്രയ്ക്ക് തടസ്സമാകാത്ത വിധത്തിലായിരിക്കണം. അശ്ലീല ചിത്രങ്ങളോ പദപ്രയോഗങ്ങളോ പാടുള്ളതല്ല.
12. പരസ്യബോർഡുകൾ ഇലക്ട്രിക്കൽ ലൈനിൽ നിന്നും നിർദ്ദിഷ്ട അകലം പാലിക്കേണ്ടതാണ്.
13. പരസ്യം പതിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ളതും കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്നതുമായ എല്ലാ സർക്കാർ/ കോർപ്പറേഷൻ/സർവകലാശാല ഉത്തരവുകളും കരാറുകാരൻ പാലിക്കേണ്ടതാണ്.
14. ക്വട്ടേഷനുകൾ "പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് കവറിനു പുറത്തായി രേഖപ്പെടുത്തി മുദ്രവെച്ച സമർപ്പിക്കേണ്ടതാണ്.
15. ക്വട്ടേഷനിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നവർക്ക് നിബന്ധനകൾ പ്രകാരമുള്ള മറ്റു യോഗ്യതകളുള്ള പക്ഷം കരാർ ഉറപ്പിക്കുന്നതാണ്.
16. ക്വട്ടേഷനുകൾ 17.05.2026 തീയതി, 3.00 പി.എം. - നുള്ളിൽ പ്രൊഫസർ & ഹെഡ്, യു.വി.എച്ച് കൊക്കാലെ, തൃശ്ശൂർ - 680 021 എന്ന മേൽവിലാസത്തിൽ ലഭിക്കേണ്ടതാണ്. വൈകി ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
17. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കാണിക്കാതെ റദ്ദ് ചെയ്യുന്നതിനും, അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പ് വെച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

UNIVERSITY VETERINARY HOSPITAL THRISSUR PIN 680 021 KOKKALAI

പ്രൊഫസർ ആന്റ് ഹെഡ്
**PROFESSOR AND HEAD**
**University Veterinary Hospital**
**Kokkalai, Thrissur-680 021**

പകർപ്പ് :

1. നോട്ടീസ് ബോർഡ്, യു.വി.എച്ച്, കൊക്കാലെ, വെറ്ററിനറി കോളേജ് മണ്ണുത്തി.
2. വെബ്സൈറ്റ്, കേരള വെറ്ററിനറി സർവ്വകലാശാല www.kvasu.ac.in
3. തൊട്ടടുത്ത ഗവണ്മെന്റ് .പൊതുമേഖല സ്ഥാപനങ്ങളുടെ നോട്ടീസ് ബോർഡുകൾ /
4. ഫയൽ സ്റ്റോക്ക് ഫയൽ /.